പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 152

08-06-2015 - ൽ മറുപടിയ്ക്ക്

## കാസറഗോഡ് മത്സ്യബന്ധന ഹാർബറിന്റെയും മത്സ്യമാർക്കറ്റിന്റെയും ഉദ്ഘാടനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. എൻ. എ. നെല്ലിക്കുന്ന്:** | | **ശ്രീ. കെ. ബാബു**<br>**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | കാസർഗോഡ് മത്സ്യബന്ധന ഹാർബറിന്റെയും മത്സ്യമാർക്കറ്റിന്റെയും ഉദ്ഘാടനം എന്നത്തേക്ക് നടത്താനാവുമെന്ന് വ്യക്തമാക്കുമോ; | എ) | കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന്റെ ഉദ്ഘാടനം 2015 ആഗസ്റ്റ് മാസത്തോടുകൂടി നടത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു.<br>തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന കാസർഗോഡ് മത്സ്യമാർക്കറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ജൂൺ 20നകം പൂർത്തീകരിച്ച് ഉദ്ഘാടനത്തിന് സജ്ജമാകുന്നതാണ്. |
| ബി) | പ്രസ്തുത പദ്ധതികളുടെ ഉദ്ഘാടനം നീണ്ടു പോകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | ബി) | മത്സ്യബന്ധനതുറമുഖം നിശ്ചിത സമയ പരിധിയിൽ പൂർത്തിയാകാതിരുന്നതിനുള്ള കാരണങ്ങൾ താഴെപ്പറയുന്നവയാണ്<br>1) മണൽ ഡ്രഡ്ജിംഗ് 12/7/2013 ന് ആരംഭിച്ചുവെങ്കിലും മത്സ്യ തൊഴിലാളികളും, പ്രദേശവാസികളും ആയത് തടസ്സപ്പെടുത്തിയതിനാൽ നിർത്തിവച്ചു. പിന്നീട് കളക്ടറുടെ അദ്ധ്യക്ഷതയിൽ ഇ-മണൽ സംവിധാനം വഴി 2015 മേയ് 30 വരെ മണൽ നീക്കം ചെയ്തു. ബാക്കി മണൽ ഡ്രഡ്ജ് ചെയ്യുന്ന പ്രവൃത്തി കരാർ വച്ച് 01/6/2015 ന് ആരംഭിച്ചിട്ടുണ്ട്. ആയത് 2015 ജൂലൈ 31 - നുള്ളിൽ പൂർത്തീകരിക്കുന്നതാണ്.<br>2) വാർഫുകൾ, ലേലപ്പുര എന്നിവയുടെ നിർമ്മാണത്തിനായി 3 പ്രാവശ്യം പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിക്കേണ്ടി വന്നു. (19/10/2010, 31/01/2011, 27/06/2012 എന്നീ തീയതികളിലാണ് ടെണ്ടർ ക്ഷണിച്ചത്) മൂന്നാമത് നടത്തിയ ടെണ്ടർ പ്രകാരമാണ് ടി പ്രവൃത്തി ഏർപ്പാടാക്കാൻ സാധിച്ചത്. |

| | | | |
|---|---|---|---|
| | | | 3). പാർക്കിംഗ് ഏരിയ, അപ്രോച്ച് റോഡ് എന്നിവയുടെ നിർമ്മാണം നടന്നു വരുന്നു. അപ്രോച്ച് റോഡിന്റെ ടാറിംഗ് ഒഴികെ മറ്റെല്ലാ പ്രവൃത്തികളും ജൂലൈ 31- നുള്ളിൽ പൂർത്തീകരിക്കുന്നതാണ് |
| സി) | ഇനിയും ഏതെങ്കിലും പ്രവൃത്തികൾ പൂർത്തിയാക്കേണ്ടതുണ്ടെങ്കിൽ അവ അടിയന്തരമായി പൂർത്തിയാക്കി തുറന്നുകൊടുക്കാൻ നടപടി സ്വീകരിക്കുമോ? | സി) | ഇനിയും പൂർത്തിയാക്കുവാനുള്ള പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ് |

സെക്ഷൻ ഓഫീസർ